## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 604 28.09.2011 - ൽ മറുപടിയ്ക്ക്

**തൃശ്ശൂർ മെഡിക്കൽ കോളേജ് , നഴ്സിംഗ് കോളേജ് എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.എ.മാധവൻ | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസന ത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ് ; | (എ) തൃശ്ശൂർ, കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസന ത്തിനായി ഈ വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ 43 കോടി രൂപ വക കൊള്ളിച്ചിട്ടുണ്ട്. |
| (ബി) മെഡിക്കൽ കോളേജിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന നഴ്സിംഗ് കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (സി) തൃശ്ശൂർ നഴ്സിംഗ് കോളേജിന്റെ ബിൽഡിംഗിന്റേയും ലേഡീസ് ഹോസ്റ്റലിന്റേയും ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ നഴ്സിംഗ് കോളേജിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) നഴ്സിംഗ് കോളേജിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാത്തത് കാരണം അംഗീകാരം നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ ? | (ഡി) ഇപ്പോൾ ഇത്തരമൊരു അവസ്ഥ ഇല്ല. |

സെക്ഷൻ ഓഫീസർ